# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ് (1)

**2023 മെയ് 17**

---

## കാലത്തിനൊത്ത് പ്രകൃതിക്കൊപ്പം; യുവതയുടെ മികവറിയിച്ച് എം.ജി. സർവകലാശാല

ആർട്ടിഫിഷ്യൽ ഇൻറലിജൻസിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള കൃഷി, വിദ്യാർഥികളുടെ ഗവേഷണ കണ്ടുപിടുത്തങ്ങളിൽനിന്ന് വിപണിയിലെത്തിച്ച ഉത്പന്നങ്ങൾ, മാലിന്യ സംസ്കരണത്തിൻറെ പുതു വഴികൾ... കോട്ടയം നാഗമ്പടം മൈതാനത്ത് നടക്കുന്ന എൻറെ കേരളം പ്രദർശന വിപണന മേളയിൽ മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്റ്റാൾ സാധ്യതകളുടെ ലോകമാണ് സന്ദർശകർക്കു മുന്നിൽ തുറക്കുന്നത്.

കൃഷിയിടത്തിലെ ജലാംശം, വെളിച്ചം, അന്തരീക്ഷത്തിലെ ഈർപ്പം തുടങ്ങിയവ ആർട്ടിഫിഷ്യൽ ഇൻറലിജൻസിൻറെ സഹായത്തോടെ മൊബൈൽ ഫോൺ ഉപയോഗിച്ച് നിയന്ത്രിക്കാൻ കഴിയുന്ന സംവിധാനമാണ് സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് റോബോട്ടിക്സ് അവതരിപ്പിച്ചിരിക്കുന്നത്.

ശാസ്ത്ര ഗവേഷണ ഫലങ്ങൾ ബിസിനസ് സംരംഭങ്ങളായി മാറ്റാനുള്ള സാധ്യതകൾ ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻറർ(ബി.ഐ.ഐ.സി) പരിചയപ്പെടുത്തുന്നു. കൈതച്ചക്കയുടെ ഇലയിൽ നിന്നും വേർതിരിച്ചെടുത്ത പ്രകൃതിദത്ത ഫൈബർ, ചെടികളുടെ പ്രതിരോധ ശേഷി കൂട്ടുന്ന നാനോപവർ, ധാന്യങ്ങളുടെ ആവരണത്തിൽ നിന്നും തയ്യാറാക്കുന്ന ഭക്ഷ്യയോഗ്യമായ ധാന്യമൃത്, പഴവർഗങ്ങളുടെ തൊലിയിൽ നിന്ന് വേർതിരിച്ച ഫ്രൂട്സ്ക്യൂട്ട്, പ്രമേഹ രോഗികൾക്കുള്ള ഡയ ഹെർബെൽസ് ഉത്പന്നങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ബി.ഐ.ഐ.സിയുമായി സഹകരിച്ചു പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങളുടെ ഉത്പന്നങ്ങളുമുണ്ട്.

അക്കാദമിക്, ഗവേഷണ, സംരംഭകത്വ മേഖലകളിൽ ബഹുദൂരം മുന്നിൽ സഞ്ചരി ക്കുമ്പോഴും സർവകലാശാല പരിസ്ഥിതി സംരക്ഷണത്തിൽ ജാഗ്രത പുലർത്തുന്നതിൻറെ സാക്ഷ്യപത്രമാണ് ഹരിത പ്രോട്ടോക്കോൾ പദ്ധതി - നിർമ്മലം എം.ജി.യുവിൻറെ ഉത്പന്നങ്ങൾ. മാലിന്യങ്ങളിൽനിന്നും തയ്യാറാക്കിയ വളവും കൃഷി സാമഗ്രികളുമൊക്കെ കുറഞ്ഞ വിലയിലാണ് വിൽക്കുന്നത്. കരിയിലകൾ ശേഖരിച്ച് പൊടിച്ച് കൃഷിക്ക് ഉപയോഗിക്കാൻ ഉപകരിക്കുന്ന ഡ്രൈ ലീഫ് കംപോസ്റ്ററിന് ഏറെ ബുക്കിംഗ് ലഭിക്കുന്നുണ്ട്.

ദേശീയ, രാജ്യാന്തര തലങ്ങളിലെ സർവകലാശാലയുടെ നേട്ടങ്ങൾ, വിവിധ

വകുപ്പുകളുടെ പ്രവർത്തനങ്ങൾ, കോഴ്സുകൾ എന്നിവയെക്കുറിച്ചുള്ള ഡിജിറ്റൽ പ്രദർശനവും ഇവിടെയുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നൂതന കർമ്മപരിപാടികൾ വിജയകരമായി നടപ്പാക്കിയതിൻറെ സാക്ഷ്യപത്രമെന്ന നിലയിലാണ് യുവതയുടെ കേരളം എന്ന വിഷയത്തിൽ നടത്തുന്ന മേളയിൽ സ്റ്റാൾ സജ്ജീകരിച്ചിരിക്കുന്നതെന്ന് വൈസ് ചാൻസലർ പ്രഫ. സാബു തോമസ് പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ...**
കോട്ടയം നാഗമ്പടം മൈതാനത്ത് നടക്കുന്ന എൻറെ കേരളം പ്രദർശന-വിപണന മേളയിലെ മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്റ്റാൾ.

(പി.ആർ.ഒ/39/518/2023)

## പ്രൈവറ്റ് യു.ജി പരീക്ഷകൾ ജൂൺ 14 മുതൽ

പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്ന്, രണ്ട് സെമസ്റ്ററുകൾ ബി.എ/ ബി.കോം(സി.ബി.സി.എസ്.എസ് - 2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2012,2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - ജൂൺ 2023) പരീക്ഷകൾ ജൂൺ 14ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/519/2023)

## പരീക്ഷാ ടൈം ടേബിൾ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്(സ്പെഷ്യൽ സപ്ലിമെൻററി- 2020 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ട വിദ്യാർഥികൾക്കുള്ളത് -ഏപ്രിൽ 2023 ) ബിരുദ പരീക്ഷയോടൊപ്പം ഓപ്പൺ കോഴ്സിൻറെ കമ്പ്യൂട്ടർ സെക്യൂരിറ്റി, ഇൻട്രൊഡക്ഷൻ ടു പ്രിൻസിപ്പിൾസ് ഓഫ് ടൂറിസം എന്നീ പേപ്പറുകൾ ഉൾപ്പെടുത്തി. പരീക്ഷകൾ മെയ് 23 ന് നടക്കും.

(പി.ആർ.ഒ/39/520/2023)

## പ്രാക്ടിക്കൽ

ഒന്ന്, രണ്ട്, മൂന്ന്, നാല് വർഷ ബി.എസ്.സി എം.എൽ.ടി(സ്പെഷ്യൽ മെഴ്സി ചാൻസ് - മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ ഒന്നു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/521/2023)

## പരീക്ഷാ ഫലം

മൂന്നാം വർഷ ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി (ന്യു സ്കീം - 2015,2016 അഡ്മിഷനുകൾ - ജനുവരി 2023) സപ്ലിമെൻററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷ മെയ് 27 വരെ ഫീസടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

................

2023 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.പി.ഇ.എസ്(2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ജൂൺ ഒന്നു വരെ ഫീസടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/522/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**